പരാതി പരിഹാരത്തിന് അദാലത്തുകൾ

37 (2795) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേയിലുണ്ടായ കുഴപ്പങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് എത്ര അപേക്ഷകൾ കിട്ടി ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര അദാലത്തുകൾ നടത്തി ;

(സി) പരാതി പരിഹാരത്തിന് അദാലത്തുകൾ പ്രയോജനപ്രദം ആണെന്ന് തെളിഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എല്ലാ ജില്ലകളിലും കൂടുതൽ അദാലത്തുകൾ നടത്തി പരാതികൾ പരിഹരിക്കുമോ ?

ഉത്തരം

(എ) റീസർവ്വേയിലുണ്ടായ കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് സർവ്വേ അദാലത്തുകളിൽ നാളിതുവരെ ആകെ 13,30,638 അപേക്ഷകൾ കിട്ടി.

(ബി) 13,04,791 അദാലത്തുകൾ നടത്തി തീർപ്പാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികകളിൽ ഉദ്യോഗ കയറ്റം

38 (2796) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ വകുപ്പിൽ ഓഫീസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ എത്ര തസ്തികകളാണുള്ളത് ;

(ബി) ഈ തസ്തികകൾ 2 വർഷത്തിലേറെയായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യോഗ്യതയുള്ള ഓഫീസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർമാർ ഇല്ലാത്തതിനാലാണോ ടി തസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകാതിരിക്കുന്നത് ;

(ഡി) യോഗ്യതയുള്ളവർ ഉണ്ടെങ്കിൽ എന്തുകൊണ്ട് ഡി.പി.സി.കൂടി ഉദ്യോഗക്കയറ്റം നൽകുന്നില്ല എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly